**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1806** **19-01-2021 - ൽ മറുപടിയ്ക്ക്**

**ആട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഗതാഗത വകുപ്പ് സംസ്ഥാനത്ത് ആകെ എത്ര ആട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചു; ഏത് കാലഘട്ടത്തിലാണ് പണം ചെലവഴിച്ചത്; | (എ) | സംസ്ഥാനത്ത് ആകെ 143 ആട്ടോമാറ്റിക് സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 2012 മുതലുള്ള കാലഘട്ടത്തിലാണ് ഇത്തരം ക്യാമറകൾ സ്ഥാപിക്കുവാൻ ആരംഭിച്ചത്. ആകെ 26,04,17,028/- തുക ഇതിനായി ചിലവഴിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് വേണ്ടി എത്ര തുക ഈ സർക്കാർ വന്നശേഷം ചെലവഴിച്ചു; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ 74,88,839 രൂപ ക്യാമറകളുടെ അറ്റകുറ്റപ്പണിക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ ക്യാമറകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തനരഹിതമാണ്; | (സി) | 65 ക്യാമറകൾ നിലവിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമാണ്. |
| (ഡി) | വാർഷിക അറ്റകുറ്റപ്പണി നടത്താത്തതിന് എന്തെങ്കിലും പ്രത്യേകകാരണം ഉണ്ടോ; ഇവ അറ്റകുറ്റപ്പണി നടത്തി പ്രവർത്തിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | അറ്റകുറ്റപ്പണികൾ വിശദമായ പരിശോധനകൾ പ്രകാരം ഘട്ടം ഘട്ടമായി നടത്തി വരുന്നു. അതോടൊപ്പം വാർഷിക കരാർ ഉടമ്പടിയിലേർപ്പെടുന്ന മുറയ്ക്ക് പ്രവർത്തന രഹിതമായിരിക്കുന്ന ക്യാമറകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ